മാന്യ വായനക്കാരേ  അസ്സലാമു അലൈക്കും
വിശുദ്ധ ഖുർആൻ പച്ചയായി തിരുത്തിയ മാളിയേക്കൽ സുലൈമാൻ സഖാപിയുടെയും ഖുർആനിലില്ലാത്ത ആയത്ത് കെട്ടിയുണ്ടാക്കിയ പേരോടിൻെറയും അരുമശിഷ്യൻമാർ ഉസ്താദുമാരിൽ നിന്നും ആവേശം പൂണ്ട്  കെ.എം. മൗലവിയുടെ ഫത്‌വയും തിരുത്തുന്നു. മുസ്‌ലിയാക്കളേ ------- ഇത് ദീനാണ്  സ്വർഗ്ഗ നരകങ്ങളുടെ കാര്യമാണ്.  നുണ മാത്രം പറഞ്ഞു പറഞ്ഞ് സത്യം പ്രചരിപിക്കാൻ എന്നാണിനി നിങ്ങൾക്ക് സമയം കിട്ടുക ?.


അല്ലാഹുവിൻെറ വിധിയെത്തുന്നതിന്ന് മുൻപായി സത്യത്തിലേക്ക് ഉടൻ തൗബ ചെയ്ത് മടങ്ങുക.
കെ എം. മൗലവിയുടെ ഫത്‌വയിലെ പ്രസക്തഭാഗങ്ങൾ  താഴെകൊടുക്കുന്നു.

# കെ. എം. മൗലവിയുടെ ഫത്‌വയും സഖാഫിയുടെ തട്ടിപ്പും


അബൂസാജിദ, കൊണ്ടോട്ടി

**ഇ**ക്കഴിഞ്ഞ സെപ്തംബർ 5ന് മണ്ണാർക്കാട് വെച്ച്നടന്ന ഇസ്തിഗാസയെക്കുറിച്ചുള്ള മുജാഹിദ്-സുന്നീ സംവാദത്തിൽ, മുജാഹിദ് പണ്ഡിതന്മാർക്ക് മുമ്പിൽ ഉത്തരം മുട്ടിയ സഖാഫിമാർ പിടിച്ചുനിൽക്കാൻ വേണ്ടി മർഹൂം കെ.എം. മൗലവി (റ) തന്റെ 'അദ്ദുആഉവൽ ഇബാദ' എന്ന പുസ്തകത്തിൽ അഹ്മദുൽ കബീർ രിഫാഈ ശൈഖിനെ വിളിച്ചു സഹായം തേടുന്നത് ശിർക്കല്ലെന്ന് പറഞ്ഞിട്ടുണ്ടെന്ന് തട്ടിവിടുകയുണ്ടായി. മുജാഹിദ് പണ്ഡിതന്മാരുടെ കയ്യിൽ തൽക്കാലം മർഹൂം കെ. എം. മൗലവിയുടെ പ്രസ്തുത പുസ്തകം ഇല്ലാതിരുന്നതിനാൽ കൊളത്തൂർ അലവി സഖാഫി ഉന്നയിച്ച പ്രസ്തുത ആരോപണത്തെ പുസ്ത കം ഉദ്ധരിച്ച് ഖണ്ഡിക്കാൻ സാധിച്ചില്ലെങ്കിലും അതിനു മറുപടി പറ ഞ്ഞ ജ.സക്കരിയ്യാ സ്വലാഹി തന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ യുക്തമായ മറുപടി പറഞ്ഞ് സഖാഫകളെ അടിച്ചിരുത്തി. സംവാദത്തിന്റെ ഓഡിയോ - വീഡിയോ കേസറ്റുകൾ ശ്രദ്ധിക്കുന്ന ശുദ്ധമനസ്കരായ ആരെങ്കിലും മർഹൂം കെ.എം. മൗലവി അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്ന് സംശയിച്ചേക്കാൻ സാദ്ധ്യതയുണ്ടെന്ന് തോന്നുന്നതിനാലാണ് ഇങ്ങനെ ഒരു കുറിപ്പെഴുതാൻ കാരണം.

കേരം ജംഇയ്യത്തുൽ ഉലമാ പ്രസിദ്ധീകരിച്ചിരുന്ന 'അൽ-മുർശിദ്' മാസിക (പുസ്തകം 1, ലക്കം 4, 1934 മെയ്)യിൽ മർഹൂം കെ.എം. മൗലവി എഴുതിയ ഫത്‌വയുടെ ഒരു ഭാഗം അദ്ദേഹം തന്നെ 1945ൽ എഴുതി പ്രസിദ്ധീകരിച്ച 'അദ്ദുആഉ വൽഇബാദ' എന്ന പുസ്തകത്തിന്റെ അവസാനഭാഗത്ത് ഒരു അനുബന്ധമായി കൊടുത്തതാണ് സഖാഫികൾ തട്ടിപ്പിനുപയോഗിച്ചത്. രിഫാഈ ത്വരീഖതുകാർ ഉരുവിടുന്ന അഹ് മദ് കബീർ രിഫാഈയെ വിളിച്ചുള്ള സഹായതേട്ടത്തെക്കുറിച്ചുള്ള ചോദ്യത്തിന് അങ്ങനെ വിളിക്കൽ ശിർക്കും കുഫ്റുമാണെന്ന് ജ. കെ.എം. മൗലവി പ്രസ്തുത ഫത്‌വയിലുടനീളം സമർത്ഥിച്ചിട്ടുണ്ട്. ആ ഫത് വ വായിക്കുന്ന ഏതൊരാൾക്കും ഇക്കാര്യം മനസ്സിലാക്കാം. എന്നാൽ 'യാ അഹ്മദുൽ കബീറുരിഫാഈ അഗിസ് നീ' എന്ന വാചകം ഉരുവിടുന്ന ഒരാൾ <u>ആ വാചകം കൊണ്ട് അതിന്റെ യഥാർത്ഥ അർത്ഥം ഉദ്ദേശിക്കാതെ അല്ലാഹുവിനോട് പ്രാർത്ഥിക്കലും അഹ് മദുൽ കബീറു രിഫാഈയെ കൊണ്ട് ശറഇൽ ജാഇസായ തവസ്സുൽ ചെയ്യലും മാത്രമേ ഉദ്ദേശിക്കുന്നുള്ളുവെങ്കിൽ</u>



അയാളുടെ ഉദ്ദേശം മാനിച്ച് അയാളെ കാഫിറും മുശ് രിക്കും മുർതദ്ദുമായി വിധിക്കരുതെന്ന് മാത്രമാണ് കെ.എം. മൗലവി പറഞ്ഞിട്ടുള്ളത്. (ശിർക്കും കുഫ്റും എന്താണെന്ന് വിശദീകരിക്കുകയല്ലാതെ, വ്യക്തികളെ കാഫിറുകളും മുശ്രിക്കുകളുമായി വിധിക്കുന്ന പരിപാടി മുജാഹിദുകൾക്കില്ലാത്തതിനാൽ അവർക്കിത് ബാധകമല്ല.) അല്ലാതെ, മരിച്ചവരോടുള്ള ഇസ്തിഗാസ ശിർക്കും കുഫ്റുമല്ലെന്ന് ആ ഫത്‌വയിലെവിടേയും കെ.എം. മൗലവി പറഞ്ഞിട്ടില്ല. കാര്യം ഗ്രഹിക്കുന്നതിന് പ്രസ്തുത ഫത്‌വയുടെ പ്രസക്തഭാഗങ്ങൾ താഴെ കൊടുക്കുന്നു.



‘അദ്ദുആഉ വൽഇബാദ’ എന്ന പുസ്തകത്തിൽ എടുത്തു ചേർത്ത ഫത് വയുടെ ആദ്യഭാഗം ഇങ്ങനെ വായിക്കാം. “സഹോദരന്മാരേ, യാ സുൽത്താനുൽ ആരിഫീൻ അഹ്മദുൽ കബീറുരിഫാഈ, അഗിസ്നീ അഗിസ്നീ (അഹ്മദുൽ കബീറുരിഫാഈ അവർകളെ എന്നെ സഹായിക്കേണമേ) എന്ന് വിളിച്ച് അപേക്ഷിക്കുവാൻ ‘ഇജാസത്ത്’ (അനുമതി) കൊടുക്കുന്നവരും ഇവ്വിധം ‘ഇജാസത്ത്’ വാങ്ങുന്നവരും തീർച്ചയായും മുർതദ്ദുകളും മുശ്രിക്കുകളും ആയിപ്പോകുമെന്നാണല്ലോ നാം ഇപ്പോൾ പറഞ്ഞിട്ടുള്ളത്. (അടിവര ലേഖകന്റേത്) സഹോദരന്മാരേ, നാം പറഞ്ഞതുപോലെ ഈ വാചകത്തിന്റെ സാരം: ഏറ്റവും അങ്ങേയറ്റമായ താഴ്മയോട് കൂടി അഹ്മദുൽ കബീറുരിഫാഈ (റ) അവർകളോട് “എന്നെ രക്ഷപ്പെടുത്തേണമേ” എന്ന് പ്രാർത്ഥിക്കലാകുന്നുവെന്നും, ഇവ്വിധം പ്രാർത്ഥന ഇബാദത്തിലെ വകുപ്പുകളിൽപ്പെട്ടതാണെന്നും നല്ലവണ്ണം അറിഞ്ഞിരുന്നിട്ടു ദീനിനോട് മത്സരിച്ചുകൊണ്ടോ ദീനിനെ നിസ്സാരപ്പെടുത്തിക്കൊണ്ടോ, ദീനിന്റെ ഹുക്മ് നല്ലവണ്ണം അറിഞ്ഞിട്ടും അതിന് വിരോധമായ ഒരു വിശ്വാസം മനസ്സിൽ വെച്ചുകൊണ്ടോ ഇങ്ങനെ സയ്യിദുനാ അഹ്മദുൽ കബീറുരിഫാഈ (റ)നെ വിളിച്ച് അദ്ദേഹത്തോട് ഇവ്വിധം തേടുന്നവർ കാഫിറും മുശ് രിക്കും ആകുന്നുവെന്നും ഇസ്ലാമിൽ പ്രവേശിച്ചശേഷം ഇങ്ങനെ സൃഷ്ടികളിൽ വല്ലവരോടും ദുആ ഇരക്കുന്നവർ മുർതദ്ദായിപ്പോകുമെന്നും പറഞ്ഞ ഹുക്മ് ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും സ്ഥിരപ്പെട്ടിട്ടുള്ള ഇജ്മാഇയായ ഒരു ഹുക്മ് തന്നെയാണെന്ന് നിങ്ങൾക്ക് മനസ്സിലായല്ലോ.

എന്നാൽ ഈ വാചകത്തിന്റെ പ്രത്യക്ഷവും എളുപ്പത്തിൽ എല്ലാവർക്കും മനസ്സിലാവുന്നതുമായ അർത്ഥത്തെ വിചാരിക്കാതെ അല്ലാഹുവിനോട് പ്രാർത്ഥിക്കലും സയ്യിദുനാ അഹ്മദുൽ കബീറുരിഫാഈ അവർകളെകൊണ്ട് ശറഇൽ ജാഇസായ വിധത്തിലുള്ള തവസ്സുൽ ചെയ്യലും മാത്രമേ വിചാരിച്ചിട്ടുള്ളുവെങ്കിൽ അപ്പോഴാണ് ഈ വാചകം പ്രത്യക്ഷമായ അർത്ഥം കുഫ്റായിട്ട് തോന്നപ്പെടുന്ന ചീത്തയായ വാചകമാണെങ്കിലും, ഇവൻ കാഫിറാകയില്ലെന്നാണ് വെളിപ്പെടുന്നത് എന്ന് ഇമാം കുർദി ഫത്‌വ ചെയ്തിട്ടുള്ളത്”.

ഇതിൽ നിന്ന് രിഫാഈ ശൈഖിനെ വിളിച്ചു സഹായം തേടൽ ശിർക്കാണെന്നതിൽ കെ.എം. മൗലവിക്ക് ഭിന്നാഭിപ്രായമില്ലെന്നും എന്നാൽ ഒരാൾ അങ്ങനെയുള്ള വാചകം ഉരുവിടുന്നത് ആ ഉദ്ദേശ്യമില്ലാതെ, അല്ലാഹുവിനോട് പ്രാർത്ഥിക്കുക എന്ന ഉദ്ദേശത്തോടെയാണെങ്കിൽ അയാൾ കാഫിറാണെന്ന് വിധിക്കേണ്ടതില്ലെന്നുമാണെന്നും ആർക്കും മനസ്സിലാക്കാം.

ശേഷം ഇങ്ങനെ രിഫാഈ ശൈഖിനെ വിളിച്ചു സഹായം തേടന്ന വാചകം ചൊല്ലുവാൻ ഇജാസത്ത് കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന ശേഖുമാരേയും മുരീദുമാരേയും വിസ്തരിച്ച് അവരുടെ ഈ വാചകം കൊണ്ട് അതിന്റെ പ്രത്യക്ഷമായ സാരം തന്നെയാണ് അവർ ഉദ്ദേശിക്കുന്നതെങ്കിൽ അത് കുഫ്റും ശിർക്കുമാണെന്ന് അവരെ അറിയിക്കണമെന്നും, അവർക്ക് സംശയം വല്ലതുമുണ്ടെങ്കിൽ അത് തീർത്തുകൊടുക്കണമെന്നും, തൗബ ചെയ്ത് ശഹാദത്ത് പുതുക്കുവാൻ ആവശ്യപ്പെടണമെന്നുമാണ് ഫത്‌വയിൽ പറയുന്നത്.

ശേഷം കെ.എം. മൗലവി എഴുതിയ വാചകമാണ് സഖാഫി ദുർവ്യാഖ്യാനം ചെയ്യുന്നത്. അതിതാണ്. “ഈ വിധത്തിൽ വിസ്തരിച്ചിട്ടല്ലാതെ അവരേയും മറ്റാരേയും ഇങ്ങനെയുള്ള വാചകങ്ങൾ ചൊല്ലുന്ന കാരണം കൊണ്ടുമാത്രം കാഫിറെന്നോ മുശ് രിക്കെന്നോ മുർതദ്ദെന്നോ വിധിക്കുവാനും പറയുവാനും പാടില്ല. അത് ശറഇൽ ജാഇസുമല്ല. എന്തുകൊണ്ടെന്നാൽ അവർക്ക് ആ വാചകങ്ങളാൽ പ്രത്യക്ഷമായ അർത്ഥമല്ലാത്ത വല്ല സ്വഹീഹായ ഉദ്ദേശവും (ഇമാം കുർദി പറഞ്ഞതുപോലെയുള്ള) ഉണ്ടാകുവാൻ ഇടയുണ്ട്. അതിനാൽ മേൽ പറഞ്ഞ പ്രകാരം അവരെ വിസ്തരിച്ച് അവർക്ക് സത്യം വേണ്ടവിധം വെളിപ്പെടുത്തിക്കൊടുത്തിട്ടും അവർ ദീനിന്റെ വിധി സ്വീകരിക്കാതെ ഇരു

page continued….

ന്നാലല്ലാതെ അവരെ കുറിച്ച് 'തക്ഫീറിന്റെ' (കാഫിറാണെന്ന) ഫത്വ ചെയ്യുവാൻ പാടില്ല. <u>എങ്കിലും ഈ വാചകങ്ങളുടെ പ്രത്യക്ഷമായ സാരം കുഫ്റും ശിർക്കുമായിരിക്കയാസ്, ഇവ്വിധം വാചകം ചീത്തയാണെന്ന് തീർച്ച തന്നെ.</u> (അടിവര ലേഖകന്റേത്). ഈ വിധം തെറ്റായ അർത്ഥത്തെ തോന്നപ്പിക്കുന്ന വാചകങ്ങളെ തടയുന്നത് ആവശ്യമാകുന്നു".

ഇനിയും സഖാഫി പറയുമോ കെ.എം. മൗലവി ഇസ്തിഗാസയെ എതിർത്തിട്ടില്ലെന്ന് ?. തുടർന്ന്, ഈ 'ഇജാസത്ത്'കാരുടേയും മറ്റു മുസ്‌ലിം സഹോദരന്മാരുടേയും പ്രത്യേക അറിവിനായി കെ.എം. മൗലവി ഫത്വയിൽ ഉദ്ധരിച്ച അബ്ദുൽ ഹയ്യുല്ലക്നവിയുടെ ഒരു ഫത്വ താഴെ കൊടുക്കുന്നു.

ചോദ്യം:ഔലിയാക്കൾ അവരുടെ അടുത്ത് നിന്നാകട്ടെ ദൂരെ നിന്നാകട്ടെ തങ്ങളെ വിളിക്കുന്നവരുടെ വിളിയെ അറിയുകയും കേൾക്കുകയും ചെയ്യുമെന്ന് വിചാരിക്കുകയും 'ഹാളിറുള്ളവരോട് 'ഹാളിറു'ള്ളവർ പറയുന്ന വാചകങ്ങൾ കൊണ്ട് അവരോട് സഹായത്തെ അപേക്ഷിക്കുകയും ചെയ്യുന്ന ഒരാളുടെ കാര്യത്തിൽ നിങ്ങൾ എന്തുപറയുന്നു?

മറുപടി: ഈ മനുഷ്യൻ വിശ്വാസം ദുഷിച്ചുപോയിട്ടുള്ള ഒരാളാകുന്നു, മാത്രമല്ല, അയാളുടെ മേൽ താൻ കാഫിറായിപ്പോകുമെന്ന് ഭയപ്പെടണം. എന്തുകൊണ്ടെന്നാൽ, ഔലിയാക്കൾ ദൂരെ നിന്ന് വിളിയെ കേൾക്കുമെന്ന് സ്ഥിരപ്പെട്ടിട്ടില്ല. എല്ലാ കാലത്തും സർവ്വ വ്യക്തിപരമായ കാര്യങ്ങളും മുഴുവൻ അറിയുക എന്നുള്ളത് അല്ലാഹുവിന്റെ പ്രത്യേകഗുണമാകുന്നു.

'ഫതാവൽ ബസ്സാസിയ്യ' യിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ശൈഖന്മാരും ആത്മാക്കൾ അറിയുന്നവരുമായ വിധത്തിൽ 'ഹാളിററുള്ളവരാണെന്ന് വല്ലവനും പറഞ്ഞാൽ അവൻ കാഫിറാകും. (വല്ലാഹു അഅ്ലം)".

സഖാഫി സൂചിപ്പിച്ച കെ.എം. മൗലവിയുടെ 'അദ്ദുആഉവൽ ഇബാദ' എന്ന പുസ്തകം വായിച്ചാൽ തന്നെ മരിച്ചുപോയ മഹാത്മാക്കളെ വിളിച്ച് സഹായം തേടുന്നത് അവർക്കുള്ള ആരാധനയാണെന്നും അത് ശിർക്കും കുഫ്റുമാണെന്നും ബോധ്യപ്പെടുന്നതാണ്. വാദപ്രതിവാദത്തിൽ പരാജയം മുന്നിൽ കാണുമ്പോൾ ഇത്തരം പൊടിക്കൈകൾ കൊണ്ട് തൽക്കാലം പിടിച്ചുനിൽക്കാൻ സാധിച്ചേക്കാമെങ്കിലും, പിന്നീട് ജനങ്ങൾ സഖാഫികളുടെ തട്ടിപ്പ് മനസ്സിലാക്കുമെന്ന് അവർ ഓർക്കുന്നത് നല്ലതാണ്. ●

ഞങ്ങളാരെയും മുശ്‌രികും കാഫിറുമായി പ്രഖ്യാപിക്കാൻ നടക്കുന്നവരല്ല. ഖുർആനിലും സുന്നത്തിലും ശിർക്കാണെന്ന് വ്യക്തമാക്കപ്പെട്ട കാര്യങ്ങൾ ലളിതമായി വളച്ചുകെട്ടില്ലാതെ ജനങ്ങളോട് പറയുന്നു. ശിർക്ക് അല്ലാഹു പൊറുക്കാത്ത പാപമാണെന്നും ശിർക്ക് ചെയ്യുന്നവർ എത്ര നമസ്ക്കരിച്ചാലും എത്രകോടി സദഖ നൽകിയാലും മറെറന്ത് സൽക്കർമ്മങ്ങൾ ചെയ്താലും അവയൊക്കെ പാഴായിപ്പോകുമെന്നും അവർക്ക് സ്വർഗ്ഗം ഹറാമാണെന്നും ( സൂറ: അന്നിസാഅ് : 48, 116, അൽമാഇദ: 72 ) ഖുർആനിൽ പറയുമ്പോൾ അത് ജനങ്ങളോട് പറഞ്ഞു കൊടുക്കുന്നൂ എന്നു മാത്രം. – അത് അവരോടുള്ള സ്നേഹവും ഗുണകാംക്ഷയുമുള്ള തിനാലാണ്.

അത് മനസ്സിലാവണമെങ്കിൽ ഹൃദയം നന്നാവേണ്ടതുണ്ട്. മുത്തുറാസിക്കാക്കാക്ക് അതുണ്ടാവാൻ അല്ലാഹു അനുഗ്രഹിക്കട്ടെ.

പി കെ എം ബശീർ എരമംഗലം